(സി) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ പേവിഷ വാക്സിന്റെയും സിറത്തിന്റെയും സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡാണ്. പേവിഷ വാക്സിൻ, സിറം എന്നിവയുടെ വാർഷിക ഇന്റൻഡ് ജില്ലകളിൽനിന്ന് സമാഹരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പേവിഷബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ പേവിഷ വാക്സിൻ ലഭ്യമല്ലാതായപ്പോൾ എച്ച്.ഡി.എസ്. ഫണ്ട്, മറ്റ് അനുബന്ധ ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് ആയത് വാങ്ങി വിതരണം ചെയ്യുന്നതിന് സർക്കാർ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പാൾ/സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ പേവിഷ വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാണ്.

പ്ലാച്ചിമട ട്രൈബ്യൂണൽ

26 (*386) <u>ശ്രീമതി കെ. എസ്. സലീഖ</u> :

<u>ശ്രീ. എം. ചന്ദ്രൻ</u> :

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :

<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കകോള കമ്പനിയുടെ ജലചൂഷണംമൂലം ദുരിതം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ട്രൈബ്യൂണൽ രൂപീകരിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) പ്രസ്തുത ബില്ലിനെക്കുറിച്ച് രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെടുകയോ ബിൽ മടക്കി അയയ്ക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത ബില്ലിന് അംഗീകാരം നേടിയെടുക്കുന്നതിനായി ഈ സർക്കാർ ശ്രമിച്ചിട്ടുണ്ടോ ; ഇനി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ-സി) നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ വിഷയവുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പുകൾ ചൂണ്ടിക്കാട്ടി സോളിസിറ്റർ ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം, പ്രസ്തുത ബിൽ പിൻവലിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. പ്രസ്തുത ബിൽ യാതൊരടിസ്ഥാനത്തിലും പിൻവലിക്കാൻ കഴിയില്ലെന്നും ആയതിനാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം പുനഃപരിശോധിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഹാരപദാർത്ഥങ്ങളിലെ മായം

27 (*387) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി, പഴം, പാൽ, എണ്ണ തുടങ്ങിയ ആഹാരപദാർത്ഥങ്ങളിലെല്ലാം അപകടകരമായ തോതിൽ മായം ചേർക്കുന്നത് വ്യാപകമായി വരുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ;

(ബി) കറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാകുമോ ;

(സി) സംസ്ഥാനത്ത് ആവശ്യത്തിന് ഭക്ഷ്യ ഗുണനിവാര പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശം പാലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ പഴം, പാൽ, എണ്ണ എന്നിവയിൽ അപകടകരമായ മായം ചേർക്കൽ വ്യാപകമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ വ്യാപകമായ പരാതിയുടെ

LIBRARY ARCHIVES Kerala Legislative Assembly